**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2805** **13-10-2021 - ൽ മറുപടിയ്ക്ക്**

**ആറളം പുനരധിവാസമേഖലയിൽ ആനമതിൽ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ആറളം പുനരധിവാസമേഖലയിലും ജനവാസ കേന്ദ്രങ്ങളിലും വന്യജീവി ശല്യം തടയുന്നതിന് ആനമതിൽ നിർമ്മാണത്തിന് ഫണ്ട് അനുവദിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും മതിലിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ മതിലിന്റെ നിർമ്മാണം നടത്തുന്നതിനുള്ള എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ആറളം പുനരധിവാസമേഖലയിലും ജനവാസ കേന്ദ്രങ്ങളിലും വന്യജീവി ശല്യം തടയുന്നതിന് ആനമതിൽ നിർമ്മിക്കുന്നതിന് ട്രൈബൽ റീഹാബിലിറ്റേഷൻ ഡവലപ്മെന്റ് മിഷൻ (ടി.ആർ.ഡി.എം.) നാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ആനമതിലിന്റെ നിർമ്മാണ ചുമതലയും ടി.ആർ.ഡി.എം-ന് തന്നെയാണ്. ആയത് പ്രകാരം ആറളം പുനരധിവാസ മേഖലയിൽ പുനരധിവസിപ്പിച്ച പട്ടികവർഗ്ഗക്കാരെ വന്യമൃഗശല്യത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി ആന പ്രതിരോധ മതിൽ നിർമ്മിക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ലിമിറ്റഡ് സമർപ്പിച്ച 22 കോടി രൂപയുടെ എസ്റ്റിമേറ്റിന് 28/03/2020-ലെ സ.ഉ.(സാധാ) നം.390/2020/പജപവവിവ പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രവൃത്തി ഏറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി അറിയിച്ചതിനാൽ ടി പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞിരുന്നില്ല. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ടി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനോ സങ്കേതിക മേൽനോട്ടം വഹിക്കുന്നതിനോ ഉള്ള സങ്കേതിക വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥർ ഇല്ലാത്തതിനാൽ 08/09/2021-ലെ സ.ഉ.(സാധാ) നം.789/2021/പജപവവിവ പ്രകാരം പൊതുമരാമത്ത് വകുപ്പിനെ കൊണ്ട് ടി പ്രവൃത്തി ചെയ്യിപ്പിക്കുവാനും, അടങ്കൽ തുകയുടെ 50% (11 കോടി രൂപ) ആദ്യഗഡുവായി പൊതുമരാമത്ത് വകുപ്പിന്റെ "8443-00-108-00" ശീർഷകത്തിൽ ഡെപ്പോസിറ്റ് ചെയ്യുവാനും ബാക്കി തുക നിർമ്മാണ പുരോഗതി ഓരോ ഘട്ടത്തിലും പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെടുന്നതനുസരിച്ച് നൽകുവാനും ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത മേഖലയിൽ ആനമതിൽ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണ് തടസ്സങ്ങൾ; ആയത് പരിഹരിച്ച് മതിലിന്റെ പൂർത്തീകരണം നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | നിലവിൽ ആനമതിൽ നിർമ്മാണത്തിന് തടസ്സങ്ങൾ ഇല്ല. ഈ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് 29.09.2021-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ